02/06/2020

12/05/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.1256(6)/2015**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.8033/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. മംഗലത്തുകോണം സുധി,
രാഗം നിവാസ്, പുത്തൻകാനം,
കട്ടച്ചൽക്കുഴി പി.ഒ., ബാലരാമപുരം –695501 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
എക്സൈസ് കമ്മീഷണറുടെ കാര്യാലയം,
നന്ദാവനം, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

2. അപ്പീൽ അധികാരി &
അഡീഷണൽ എക്സൈസ് കമ്മീഷണർ(ഭരണം),
എക്സൈസ് കമ്മീഷണറുടെ കാര്യാലയം,
നന്ദാവനം, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 04.03.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 10.03.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18.04.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 28.04.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11.05.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 14.05.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03.06.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 16.06.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. മംഗലത്തുകോണം സുധി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ലഭിച്ച മറുപടി തൃപ്തികരമായിരുന്നില്ല എന്നും ആയതിനാൽ അപ്പീൽ സമർപ്പിച്ചുവെന്നും

ആയതു പ്രകാരവും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കേരളത്തിലെ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ജോലി നോക്കുന്ന എസ്.ഐ.യു.സി. നാടാർ, ക്രിസ്ത്യൻ നാടാർ, എൽ.സി നാടാർ മറ്റു നാടാർ വിഭാഗം, പരിവർത്തിത നാടാർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ പേര് അഡ്രസ്സ്, ഔദ്യോഗിക മേൽ വിലാസം എന്നിവയടങ്ങിയ ലിസ്റ്റിന്റെ പകർപ്പ് നൽകണമെന്നാണ്.

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരം ക്രോഡീകരിച്ച് പ്രത്യേക രേഖയായി സൂക്ഷിച്ചു വരുന്നില്ല എന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ലെന്നുമാണ്. രണ്ടാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി നിഷേധാത്മക മറുപടിയാണ് നൽകിയിരിക്കുന്നതെന്നും ജീവനക്കാരുടെ പൂർണ്ണവിവരം സർവ്വീസ് ബുക്കിൽ നിന്നും ലഭിക്കുമെന്നിരിക്കെ ആയതു നൽകാത്തത് നിയമ ലംഘനമാണെന്നും എക്സൈസ് വകുപ്പിന്റെ കേരളത്തിലുള്ള വിവിധ ഓഫീസുകളിൽ നിന്നും ടിയാൻ ആവശ്യപ്പെട്ട വിവരം വാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ലെന്നുമാണ്. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി നൽകിയ മറുപടയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട പ്രകാരമുള്ള ലിസ്റ്റ് എക്സൈസ് വകുപ്പിൽ ഉണ്ടാക്കിയിട്ടില്ലെന്നും ആയതിനാലാണ് ആയതു നൽകുവാൻ നിർവ്വാഹമില്ലെന്ന് ഹർജിക്കാരനെ ഒന്നാം എതിർകക്ഷി അറിയച്ചതെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ക്രോഡീകരിച്ച ലിസ്റ്റ് നൽകാൻ നിർവ്വാഹമില്ലെന്നുമാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, നോൺ ഗസറ്റഡ് ഓഫീസർ കേഡറിലുള്ള റിക്രൂട്ട്മെന്റ്, റഗുലറൈസേഷൻ, പ്രൊബേഷൻ, പ്രൊമോഷൻ എന്നിവ ജില്ലാ തലത്തിലാണ് ചെയ്തുവരുന്നതെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട തരത്തിലുള്ള ജാതി തിരിച്ച കണക്ക് എക്സൈസ് കമ്മീഷണർക്ക് ഒരവസരത്തിലും ആവശ്യമായി വരുന്നില്ലെന്നും എന്തെങ്കിലും തർക്കമുണ്ടാകുമ്പോൾ മാത്രമാണ് അതിന്റെ മെരിറ്റ് പരിശോധിക്കുവാൻ രേഖകൾ വിളിച്ചു വരുത്താറുള്ളതെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ചു നൽകണമെങ്കിൽ 5500 ഓളം സർവ്വീസ് ബുക്കുകൾ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കേണ്ടിവരുമെന്നും ആയതിനാലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലെന്ന മറുപടി നൽകിയതെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം അത്തരത്തിൽ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാത്ത ഒന്നായിരുന്നു എന്നു കാണുന്നു. ആയതിനാലാണ് അക്കാര്യം വ്യക്തമാക്കി ഹർജിക്കാരന് മറുപടി നൽകിയിരുന്നത് എന്നും കമ്മീഷന് ബോധ്യമാകുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ക്രോഡീകരിച്ചു നൽകണമെങ്കിൽ 5500 ഓളം സർവ്വീസ് ബുക്കുകൾ പരിശോധിച്ച് വിവരങ്ങൾ

പുതുതായി സൃഷ്ടിച്ചു നൽകേണ്ടി വരുമെന്നു കാണുന്നു. ആയത് വിവരാവകാശ നിയമ പ്രകാരം നിർവ്വചിച്ചിട്ടുള്ള 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ല. ആയതിനാൽ ഈ അപ്പീൽ ഹർജിയിലെ എതിർകക്ഷികളുടെ തീരുമാനം നിയമാനുസൃതമാണെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, മെയ് 12–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

അഡീഷണൽ സെക്രട്ടറി (നിയമം)
dp